Page 1 of 2

ബാക്കി തുക പൊതുവിഭാഗം/തനത് ഫണ്ടിൽനിന്ന് വകയിരുത്തുകയും ചെയ്യേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ എണ്ണം 25%-ന് താഴെയാണെങ്കിൽ പൂർണ്ണമായും പൊതുവിഭാഗം വികസന ഫണ്ട്/തനത് ഫണ്ട് തന്നെ വകയിരുത്തണം.

(സി) പട്ടികജാതി കോളനിയിലേക്കുള്ള പ്രധാന വഴികൾ മറ്റ് സ്ഥലങ്ങളിലേയ്ക്കുടി പോകുന്നതുകാരണം ടി വഴി നിർമ്മാണത്തിന് എസ്.സി. ഫണ്ട് ഉപയോഗിക്കുന്നതിനുള്ള ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പട്ടികജാതി കോളനിയിലേയ്ക്കുള്ള പ്രധാന വഴികളുടെ മാപ്പ് തയ്യാറാക്കി എസ്.സി. ഫണ്ട് വകയിരുത്തുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഇപ്രകാരം പദ്ധതി തയ്യാറാക്കിയിട്ടില്ല.

അംബേദ്കർ ഗ്രാമം പദ്ധതി

23(2058) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ബേഡഡുക്ക പഞ്ചായത്തിലെ ചെമ്പക്കാട് എസ്.ടി. കോളനിക്ക് എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

ചെമ്പക്കാട് പട്ടികവർഗ്ഗ കോളനി 2020-21 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കോളനിയിൽ പ്രത്യേക ഊരുകൂട്ടം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് തുക അനുവദിച്ചിട്ടില്ല.

(ബി) ഈ കോളനിയിൽ വീടില്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും ഇവർക്കെല്ലാം ലൈഫ് മിഷൻ പദ്ധതിയിൽ വീടിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

വീടില്ലാത്ത 36 കുടുംബങ്ങൾ ഉണ്ട്. അതിൽ 23 കുടുംബങ്ങൾക്ക് ലൈഫ് മിഷൻ മുഖേന വീടിന് അനുമതി നൽകിയിട്ടുണ്ട്.

(സി) ഈ കോളനിയിൽ ഇനി എത്ര കുടുംബങ്ങൾക്ക് വീട് വേണമെന്നുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

13 കുടുംബങ്ങൾക്ക് വീട് ആവശ്യമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ അനുവദിച്ച തുകയിൽനിന്ന് ഈ കോളനിയിൽ വീടില്ലാത്തവർക്ക് വീട് നൽകുന്നതിന് തടസ്സമുണ്ടോ?

തടസ്സമില്ല.

(ഇ) പദ്ധതിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി കോളനിയിൽ വിളിച്ചുചേർത്ത യോഗത്തിൽ ഭൂരിഭാഗം നിവാസികളും താമസസൗകര്യമുള്ള വീടാണ് വേണ്ടതെന്ന ആവശ്യം ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ തുക പൂർണ്ണമായും വീട് നൽകുന്നതിനുവേണ്ടി ഉപയോഗിക്കാൻ അനുമതി നൽകുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഊരുകൂട്ടത്തിന്റെ നിർദ്ദേശങ്ങൾ മുൻഗണനാക്രമത്തിൽ നിശ്ചയിച്ച് വീട് ഉൾപ്പെടെയുള്ള കോളനിയിലെ അടിസ്ഥാന സൗകര്യ വികസനമാണ് പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്.

കായംകുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

24(2059) <u>ശ്രീമതി യു. പ്രതിഭ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽനിന്നും പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത കോളനികൾ ഏതൊക്കെയെന്നും പ്രസ്തുത കോളനികളിൽ നടപ്പാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അറിയിക്കുമോ;

(ബി) ഇപ്രകാരം ഓരോ പദ്ധതിക്കുമായി നീക്കിവച്ചിട്ടുള്ള തുക എത്രയെന്നും പദ്ധതികളുടെ നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കാമോ?

(എ&ബി) അനുബന്ധമായി* ഉള്ളടക്കം ചെയ്തിരിക്കുന്നു.

ദേവികുളം മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി

25(2060) <u>ശ്രീ. എ. രാജ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-17 വർഷത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഏറ്റെടുത്ത കോളനികളുടെ പേരും പദ്ധതികളുടെ വിവരവും നിർവ്വഹണ ഏജൻസിയുടെ പേരും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.